**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6397** **10-07-2024 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന മത്സ്യം പരിശോധിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ട്രോളിംഗ് നിരോധനത്തെ തുടർന്ന് ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് എത്തുന്ന മത്സ്യം പരിശോധിക്കുന്നതിന് വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യം പരിശോധിക്കുന്നതിന് മൽസ്യബന്ധന വകുപ്പ്, ആരോഗ്യവകുപ്പ്, ഭക്ഷ്യസുരക്ഷവകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലകൾ തോറും ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചിട്ടുണ്ട്. ടാസ്ക് ഫോഴ്സ് ഉപയോഗിച്ച് 'ഓപ്പറേഷൻമത്സ്യ' എന്ന ഒരു പദ്ധതിയ്ക്ക് രൂപം നൽകുയും 2022 ഏപ്രിൽ 18 മുതൽ സംസ്ഥാന വ്യാപകമായി പരിശോധനകൾ നടത്തി വരുന്നുമുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്നതുൾപ്പെടെയുള്ള മത്സ്യം പരിശോധിയ്ക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ഹാർബറുകൾ, മത്സ്യ ലേല മാർക്കറ്റുകൾ, മത്സ്യ മൊത്ത വിപണന കേന്ദ്രങ്ങൾ, മത്സ്യ വിൽപ്പന കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ചെക്ക് പോസ്റ്റുകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യ പരിശോധനകൾ നടത്തി വരുന്നു.<br><br>ട്രോളിംഗ് നിരോധനത്തെ തുടർന്ന് കേരളത്തിലെ വിവിധ മത്സ്യമാർക്കറ്റുകളിൽ ഭക്ഷ്യസുരക്ഷാ വിഭാഗം 610 ഇൻസ്പെക്ഷനുകൾ നടത്തുകയും 5 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 785 സർവ്വയിലൻസ് സാമ്പിളുകളും ശേഖരിക്കുകയും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണ ത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പരിശോധനയുടെ ഭാഗമയി 51 റെക്റ്റിഫിക്കേഷൻ നോട്ടീസുകളും 27 കോമ്പൗണ്ടിംഗ് നോട്ടീസുകളും നൽകുകയും 582.5 കിലോഗ്രാം ഉപയോഗയോഗ്യമല്ലാത്ത മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന മത്സ്യം പരിശോധിക്കുന്നതിന് വേണ്ടി | (ബി) | സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യം പരിശോധിക്കുന്നതിന് മൽസ്യബന്ധന വകുപ്പ്, ആരോഗ്യവകുപ്പ്, ഭക്ഷ്യസുരക്ഷവകുപ്പ് ഉദ്യോഗസ്ഥരെ |

| | | | |
|---|---|---|---|
| | പഞ്ചായത്ത് തലത്തിൽ ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തുമോയെന്ന് അറിയിക്കാമോ? | | ഉൾപ്പെടുത്തി ജില്ലകൾ തോറും ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചിട്ടുണ്ട്. ടാസ്ക് ഫോഴ്സ് ഉപയോഗിച്ച് 'ഓപ്പറേഷൻമത്സ്യ' എന്ന ഒരു പദ്ധതിയ്ക്ക് രൂപം നൽകുയും 2022 ഏപ്രിൽ 18 മുതൽ സംസ്ഥാന വ്യാപകമായി പരിശോധനകൾ നടത്തി വരുന്നുമുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്നതുൾപ്പെടെയുള്ള മത്സ്യം പരിശോധിയ്ക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ഹാർബറുകൾ, മത്സ്യ ലേല മാർക്കറ്റുകൾ, മത്സ്യ മൊത്ത വിപണന കേന്ദ്രങ്ങൾ, മത്സ്യ വിൽപ്പന കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ചെക്ക് പോസ്റ്റുകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യ പരിശോധനകൾ നടത്തി വരുന്നു.<br><br>ട്രോളിംഗ് നിരോധനത്തെ തുടർന്ന് കേരളത്തിലെ വിവിധ മത്സ്യമാർക്കറ്റുകളിൽ ഭക്ഷ്യസുരക്ഷാ വിഭാഗം 610 ഇൻസ്പെക്ഷനുകൾ നടത്തുകയും 5 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 785 സർവ്വയിലൻസ് സാമ്പിളുകളും ശേഖരിക്കുകയും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണ ത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പരിശോധനയുടെ ഭാഗമായി 51 റെക്റ്റിഫിക്കേഷൻ നോട്ടീസുകളും 27 കോമ്പൗണ്ടിംഗ് നോട്ടീസുകളും നൽകുകയും 582.5 കിലോഗ്രാം ഉപയോഗയോഗ്യമല്ലാത്ത മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ